# روضة الخطباء
## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
## അവർ നമ്മിൽ പെട്ടവരല്ല...

29/01/2021

sufaraulislam.com

بسم الله الرحمن الرحيم

- ഇമാം  ബുഖാരി ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം.
- നബി (സ്വ) യുടെ ജീവിത രീതി പഠിക്കാൻ വന്ന മൂന്നാളുകളുടെ സംഭവം.

عَنْ أَنَسِ بْنِ مَالِكٍ قَالَ : جَاءَ ثَلاَثَةُ رَهْطٍ إِلَى بُيُوتِ أَزْوَاجِ النَّبِيِّ صلى الله عليه وسلم يَسْأَلُونَ عَنْ عِبَادَةِ النَّبِيِّ صلى الله عليه وسلم فَلَمَّا أُخْبِرُوا كَأَنَّهُمْ تَقَالُّوهَا فَقَالُوا وَأَيْنَ نَحْنُ مِنَ النَّبِيِّ صلى الله عليه وسلم قَدْ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ وَمَا تَأَخَّرَ. قَالَ أَحَدُهُمْ أَمَّا أَنَا فَإِنِّي أُصَلِّي اللَّيْلَ أَبَدًا. وَقَالَ آخَرُ أَنَا أَصُومُ الدَّهْرَ وَلاَ أُفْطِرُ. وَقَالَ آخَرُ أَنَا أَعْتَزِلُ النِّسَاءَ فَلاَ أَتَزَوَّجُ أَبَدًا. فَجَاءَ رَسُولُ اللَّهِ صلى الله عليه وسلم فَقَالَ : أَنْتُمُ الَّذِينَ قُلْتُمْ كَذَا وَكَذَا أَمَا وَاللَّهِ إِنِّي لأَخْشَاكُمْ لِلَّهِ وَأَتْقَاكُمْ لَهُ، لَكِنِّي أَصُومُ وَأُفْطِرُ، وَأُصَلِّي وَأَرْقُدُ وَأَتَزَوَّجُ النِّسَاءَ، فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي (بخاري)

- ഞാൻ എന്നും രാത്രി മുഴുവൻ നമസ്കരിക്കും.
- മറ്റൊരാൾ പറഞ്ഞു: എല്ലാ ദിവസവും ഞാൻ നോമ്പ് പിടിക്കും. ഒരു ദിവസവും നോമ്പ് ഉപേക്ഷിക്കുകയില്ല.
- മൂന്നാമൻ പറഞ്ഞു: ഞാൻ സ്ത്രീകളിൽ നിന്നകന്ന് നിൽക്കും. ഒരിക്കലും വിവാഹം കഴിക്കുകയില്ല.

നബി ﷺ അവിടെ വന്നു. വിവരം അറിഞ്ഞപ്പോൾ അരുളി: നിങ്ങൾ ഇന്നതെല്ലാം പറഞ്ഞുവല്ലോ. അല്ലാഹു സത്യം. നിങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവരും അവനെ സൂക്ഷിക്കുന്നവനുമാണ് ഞാൻ. ഞാൻ ചില പ്പോൾ നോമ്പനുഷ്ഠിക്കുകയും ചില പ്പോൾ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യും. രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യും. സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യും. എന്റെ സുന്നത്തിനോട് ആരെങ്കിലും വിമുഖത കാണിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല. (ബുഖാരി)

- ചില പ്രത്യേക തിൻമകൾ എടുത്ത് പറഞ്ഞുകൊണ്ട് അത് പ്രവർത്തിക്കുന്നവൻ നമ്മിൽ പെട്ടവനല്ലെന്ന്  നബി ﷺ പല സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ട്.

معنى ( ليس منا ) أي ليس على طريقتنا ، أو ليس متبعا لطريقتنا

'നമ്മിൽ പെട്ടവനല്ല' എന്നാൽ: നമ്മുടെ മാർഗത്തിലല്ല അല്ലെങ്കിൽ നമ്മുടെ മാർഗം പിൻപറ്റുന്നവനല്ല.

قال رسول الله صلى الله عليه وسلم: ليس منا من عمل بسنة غيرنا

നബി ﷺ പറഞ്ഞു: നമ്മുടേതല്ലാത്ത ചര്യയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവൻ നമ്മിൽ പെട്ടവനല്ല. (സ്വഹീഹുൽ ജാമിഉ)

- ഒരു പ്രത്യേക തിന്മ എടുത്തു പറഞ്ഞു കൊണ്ട് അത് ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന് നബി ﷺ പറഞ്ഞാൽ ആ പ്രവൃത്തി വൻപാപങ്ങളിൽ പെട്ടതാണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. (അത്തംഹീദ് ലിശർഹി കിതാബിത്തൗഹീദ്)
- അവർ നമ്മിൽ പെട്ടവനല്ലെന്ന് നബി ﷺ പറഞ്ഞിട്ടുള്ള വിഭാഗങ്ങളിൽ ഉൾപ്പെടാതിരിക്കാൻ, അത്തരം തിൻമകൾ ചെയ്യാതിരിക്കാൻ സത്യവിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കണം.
- ആരൊക്കെയാണ് നബി ﷺ പറഞ്ഞ വിഭാഗത്തിൽ പെടുന്നവർ? ചില നബിവചനങ്ങൾ കാണുക:

## 1. വഞ്ചനകാണിക്കുന്നവൻ

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِصلى الله عليه وسلم قَالَ : مَنْ حَمَلَ عَلَيْنَا السِّلاَحَ فَلَيْسَ مِنَّا وَمَنْ غَشَّنَا فَلَيْسَ مِنَّا (مسلم)

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നമുക്കെതിരിൽ ആയുധമേന്തിയവൻ നമ്മിൽ പെട്ടവനല്ല. നമ്മെ വഞ്ചിച്ചവനും നമ്മിൽ പെട്ടവനല്ല. (മുസ്ലിം)

- **വഞ്ചന കാണിച്ച വ്യക്തിയെ നബി (സ്വ) ഉപദേശിച്ചത് കാണാം.**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِصلى الله عليه وسلم مَرَّ عَلَى صُبْرَةِ طَعَامٍ فَأَدْخَلَ يَدَهُ فِيهَا فَنَالَتْ أَصَابِعُهُ بَلَلاً فَقَالَ "مَا هَذَا يَا صَاحِبَ الطَّعَامِ "قَالَ أَصَابَتْهُ السَّمَاءُ يَا رَسُولَ اللَّهِ. قَالَ " أَفَلاَ جَعَلْتَهُ فَوْقَ الطَّعَامِ كَىْ يَرَاهُ النَّاسُ مَنْ غَشَّ فَلَيْسَ مِنِّي(مسلم)

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: ഒരിക്കൽ നബി (സ്വ) ധാന്യങ്ങൾ കൂമ്പാരമാക്കി വെച്ചിരിക്കുന്നതിനടുക്കൽ കൂടി കടന്നുപോയി. കൈ അതിലിട്ടു നോക്കിയപ്പോൾ അവിടുത്തെ വിരലുകളിൽ നനവ് അനുഭവപ്പെട്ടു. അപ്പോൾ അതിന്റെ ഉടമയോട് ചോദിച്ചു: ഇതെന്താണ്? അയാൾ പറഞ്ഞു: മഴ കാരണം നനഞ്ഞതാണ്. അത് കേട്ടപ്പോൾ നബി (സ്വ) പറഞ്ഞു: എങ്കിൽ ജനങ്ങൾക്ക് കാണാവുന്ന രൂപത്തിൽ നനഞ്ഞ ധാന്യങ്ങൾ കൂമ്പാരത്തിന് മുകളിൽ ഇട്ടുകൂടായിരുന്നോ? ആരെങ്കിലും വഞ്ചന കാണിക്കുന്നുവെങ്കിൽ അവൻ നമ്മിൽ പെട്ടവനല്ല. (മുസ്‌ലിം)

عَنْ جَابِرُ بْنُ عَبْدِ اللَّهِقَالَ رَسُولُ اللَّهِصلى الله عليه وسلم: لَيْسَ عَلَى الْمُنْتَهِبِ قَطْعٌ وَمَنِ انْتَهَبَ نُهْبَةً مَشْهُورَةً فَلَيْسَ مِنَّا (أبوداوود)

ജാബിറു ബ്നു അബ്ദില്ലയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: കൊള്ളയടിക്കുന്നവൻ നമ്മിൽ പെട്ടവനല്ല. (അബൂദാവൂദ്– സ്വഹീഹ് അൽബാനി)

## 2. മീശ വെട്ടാത്തവൻ

عَنْ زَيْدِ بْنِ أَرْقَمَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: مَنْ لَمْ يَأْخُذْ شَارِبَهُ فَلَيْسَ مِنَّا (صحيح الجامع)

സൈദിബ്നു അർഖമിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: മീശ വെട്ടാത്തവൻ നമ്മിൽ പെട്ടവനല്ല. (സ്വഹീഹുന്നസാഇ: – സ്വഹീഹുൽ ജാമിഅ്)

- മീശ വെട്ടുകയും താടി വളർത്തുകയുമാണ് നമ്മുടെ ചര്യ.
- പല വിശ്വാസികളും ഈ രണ്ട് പ്രവാചക ചര്യകളെയും അവഗണിക്കുന്നു.

## 3. ചെറിയവരോട് കരുണ കാണിക്കാത്തവർ

عَنْ عَمْرِو بْنِ شُعَيْبٍ، عَنْ أَبِيهِ، عَنْ جَدِّهِ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَيْسَ مِنَّا مَنْ لَمْ يَرْحَمْ صَغِيرَنَا وَيَعْرِفْ شَرَفَ كَبِيرِنَا (ترمدي)

അംറുബ്നു ശുഐബിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: പറഞ്ഞു: ചെറിയവരോട് കരുണ കാണിക്കാത്തവരും വലിയവരുടെ മഹത്വം തിരിച്ചറിയാത്തവരും നമ്മിൽ പെട്ടവനല്ല. (തിർമിദി)

## 4. സാദൃശ്യപ്പെടുന്നവർ

قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَيْسَ مِنَّا مَنْ تَشَبَّهَ بِالرِّجَالِ مِنَ النِّسَاءِ، وَلَا مَنْ تَشَبَّهَ بِالنِّسَاءِ مِنَ الرِّجَالِ (صحيح الجامع)

നബി ﷺ പറഞ്ഞു: പുരുഷൻമാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളും സ്ത്രീകളോട് സാദൃശ്യപ്പെടുന്ന പുരുഷൻമാരും നമ്മിൽ പെട്ടവനല്ല. (സ്വഹീഹുൽ ജാമിഅ്)

## 5. മയ്യിത്തിന്റെ പേരിൽ കരയുന്നവർ

عَنْ عَبْدِ اللَّهِ ـ رضى الله عنه ـ قَالَ قَالَ النَّبِيُّ صلى الله عليه وسلم : لَيْسَ مِنَّا مَنْ لَطَمَ الْخُدُودَ، وَشَقَّ الْجُيُوبَ، وَدَعَا بِدَعْوَى الْجَاهِلِيَّةِ (بخاري)

അബ്ദില്ലയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: മയ്യിത്തിന്റെ പേരിൽ വിലപിച്ചു കൊണ്ട് മുഖത്തടിക്കുകയും, മാറ് കീറുകയും, അജ്ഞാന കാലത്ത് വിളിച്ച് പറഞ്ഞിരുന്ന പോലെ വിളിച്ചുപറയുകയും ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല. (ബുഖാരി)

- **പ്രായാസ ഘട്ടങ്ങളിൽ ക്ഷമിക്കാത്തവർ**

قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَيْسَ مِنَّا مَنْ سَلَقَ وَحَلَقَ وَخَرَقَ (النسائي)

നബി ﷺ പറഞ്ഞു: പ്രയാസ ഘട്ടങ്ങളിൽ (ക്ഷമിക്കാതെ) ശബ്ദം ഉയർത്തുന്നവനും പ്രയാസ ഘട്ടങ്ങളിൽ തല വടിക്കുകയോ മുടി വികൃതമാക്കുകയോ ചെയ്യുന്നവനും പ്രയാസഘട്ടങ്ങളിൽ വസ്ത്രം അലക്ഷ്യമായി നീക്കി കളയുന്നവനും നമ്മിൽ പെട്ടവനല്ല (നസാഇ )

◆ ആർക്കാണ് ബൈത്തുൽ ഹംദ് ലഭിക്കുക?

عن أبي موسى الأشعري:] إذا ماتَ ولَدُ العبدِ، قالَ اللَّهُ سُبحانَهُ وتعالى للملائكةِ: أقبَضْتُمْ ولَدَ عَبْدي؟ قالوا: نَعَمْ، قال: أقبَضْتُمْ ثمرةَ فؤادِهِ؟ قالوا: نَعَمْ، قال: فما قالَ؟ قالوا: استرجَعَ وحمِدَكَ، قالَ: ابْنُوا لهُ بيتًا في الجنَّةِ، وسَمُّوهُ بَيتَ الحَمْدِ .(شعيب الأرنؤوط)

## 6. സ്ത്രീയ ഭർത്താവിനെതിരെ തിരിക്കുന്നവൻ

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: لَيْسَ مِنَّا مَنْ خَبَّبَ امْرَأَةً عَلَى زَوْجِهَا أَوْ عَبْدًا عَلَى سَيِّدِهِ (أبوداوود)

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഒരു പെണ്ണിനെ അവളുടെ ഭർത്താവിനെതിരെ തിരിക്കുന്നവൻ നമ്മിൽ പെട്ടവനല്ല. (അബൂദാവൂദ്)

## 7. അന്യന്റെ ഭാര്യയെ വഞ്ചിക്കുന്നവൻ

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنْ خَبَّبَ زَوْجَةَ امْرِئٍ أَوْ مَمْلُوكَهُ فَلَيْسَ مِنَّا (أبوداوود)

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അന്യന്റെ ഭാര്യയെയോ അടിമയെയോ വഞ്ചിക്കുന്നവൻ (നശിപ്പിക്കുന്നവൻ) നമ്മിൽ പെട്ടവനല്ല. (അബൂദാവൂദ്)

## 8. ശകുനം, സിഹ്ർ, ഭാവി പ്രവചിക്കുന്നവൻ

عَنْ عِمْرَانَ بْنِ حُصَيْنٍ قَالَ : قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَيْسَ مِنَّا مَنْ تَطَيَّرَ ، أَوْ تُطِيِّرَ لَهُ أَوْ تَكَهَّنَ ، أَوْ تُكِهِّنَ لَهُ أَوْ سَحَرَ ، أَوْ سُحِرَ لَهُ (معجم الكبير)

ഇംറാൻ ഇബ്ൻ ഹുസൈനിൽ(റ) നിന്ന് നിവേദനം : നബി ﷺ പറഞ്ഞു: ശകുനം നോക്കുന്നവനും, ശകുനം നോക്കിപ്പിക്കുന്നവനും, ഭാവി പ്രവചിക്കുന്നവനും, (തനിക്ക് വേണ്ടി) ഭാവി പ്രവചിപ്പിക്കുന്നവനും, സിഹ്ർ ചെയ്യുന്നവനും തനിക്ക് വേണ്ടി സിഹ്ർ ചെയ്യിപ്പിക്കുന്നവനും നമ്മിൽ പെട്ടവനല്ല. (മുഅ്ജമുൽ കബീർ)

## 9. നമ്മെ അല്ലാത്തവരെ അനുകരിച്ചവൻ

عَنْ عَمْرِو بْنِ شُعَيْبٍ، عَنْ أَبِيهِ، عَنْ جَدِّهِ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : لَيْسَ مِنَّا مَنْ تَشَبَّهَ بِغَيْرِنَا لاَ تَشَبَّهُوا بِالْيَهُودِ وَلاَ بِالنَّصَارَى فَإِنَّ تَسْلِيمَ الْيَهُودِ الإِشَارَةُ بِالأَصَابِعِ وَتَسْلِيمَ النَّصَارَى الإِشَارَةُ بِالأَكُفِّ (ترمدي)

അംറിബ്നു ഷുഐബ് (റ) തന്റെ പിതാവിൽ നിന്നും നിവേദനം : നബി ﷺ പറഞ്ഞു: നമ്മെ അല്ലാത്തവരെ അനുകരിച്ചവൻ നമ്മിൽ പെട്ടവനല്ല! ജൂതന്മാരെയും ക്രിസ്ത്യാനികളെയും നിങ്ങൾ അനുകരിക്കരുത്. എന്തെന്നാൽ, ജൂതന്മാരുടെ അഭിവാദനം വിരലുകൾ (ഇളക്കി) കൊണ്ട് ആംഗ്യം കാണിക്കലാണ്.ക്രിസ്ത്യാനികളുടെ അഭിവാദനമാവട്ടെ കൈപത്തി (ഉയർത്തി കാണിച്ച്) കൊണ്ടുള്ള ആംഗ്യവും. (തിർമിദി )

- ത്വബ്റാനിയുടെ മുഹ്ജമുൽ വസീതിൽ ഇപ്രകാരം കൂടി വന്നിട്ടുണ്ട്:

ولا تقصوا النواصي وأحفوا الشارب واعفوا اللحى ولا تمشوا في المساجد والأسواق وعليكم القمص إلا وتحتها الأزر

തലയുടെ മുന്നറ്റവും നിങ്ങൾ മുറിക്കരുത്(അഥവാ, തലയുടെ ബാക്കി ഭാഗത്തൊന്നും ക്രമത്തിൽ മുടി മുറിക്കാതെ മുൻഭാഗത്ത് മാത്രമായി മുറിക്കൽ). നിങ്ങൾ മീശ പറ്റെ വെട്ട കയും താടി (ഒന്നും ചെയ്യാതെ) മുറ്റി വളരാൻ വിടുകയും ചെയ്യുക. (സ്വഹീഹ് തർഗീബ്‌വ ത്തർഹീബ്)

## 10. വിവാഹം കഴിക്കാത്തവർ

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم ـ : النِّكَاحُ مِنْ سُنَّتِي فَمَنْ لَمْ يَعْمَلْ بِسُنَّتِي فَلَيْسَ مِنِّي (إبن ماجة)

ആയിശയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വിവാഹം എന്റെ സുന്നത്തിൽ പെട്ടതാണ്. എന്റെ സുന്നത്തനുസരിച്ച് ആര് പ്രവർത്തിക്കുന്നില്ലയോ അവൻ എന്നിൽ പെട്ടവനല്ല. (ഇബ്നുമാജ)

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.